ഉത്തരം

(എ) പൊന്നാനി, തൃശ്ശൂർ മേഖലയിലെ കോൾകൃഷിക്കും കുട്ടനാടൻ മേഖലയിലെ പുഞ്ചകൃഷിക്കും തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ പ്രദേശത്തെ കൃഷിക്കും പമ്പിംഗ് സബ്സിഡി നൽകിവരുന്നുണ്ട്.

(ബി) കൊച്ചി മേഖലയിൽ നെൽക്കൃഷിയേക്കാൾ ലാഭകരം കൊഞ്ചുവളർത്തലാണെന്നതുകൊണ്ട് വെള്ളം വറ്റിച്ച് നെൽക്കൃഷി ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള പമ്പിംഗ് സബ്സിഡി ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രദേശത്തെ കൃഷിക്കാർ സംഘടിതമായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അതുകൊണ്ട് പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ പ്രദേശത്ത് ബാധകമാക്കിയിട്ടില്ല.

(സി) സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യമായതുകൊണ്ട് ഇക്കാര്യം അനുവദിക്കാൻ നിർവ്വാഹമില്ല.

സർക്കാർ കൃഷി ഫാമുകളിലെ തൊഴിലാളികൾക്ക് ഞായറാഴ്ചത്തെ കൂലി

1936 [3007] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കൃഷി ഫാമുകളിലെ തൊഴിലാളികൾക്ക് ഞായറാഴ്ചത്തെ കൂലി നിഷേധിക്കുന്ന ഏതെങ്കിലും ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ;

(സി) തൊഴിലാളികൾക്ക് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കുന്ന നടപടി പിൻവലിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കപ്പവാഴ കൃഷി

1937 [3008] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിന്റെ പ്രത്യേകതയായ കപ്പവാഴ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പിന്റെ സന്ദർശന പരിശീലന പരിപാടിയിൽ കൂടി തിരുവനന്തപുരം ജില്ലയിൽ 581 ഹെക്ടർ സ്ഥലത്തു കപ്പവാഴ കൃഷി ശാസ്ത്രീയമായി നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly